**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**
**Hazrat Khalifathullah Munir Ahmad Azim (A)**
**13 October 2017 / (22 Muharram 1439 Hijira)**

## INVOCATIONS (PART 3) / പ്രാർത്ഥനകൾ ഭാഗം 03

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം **പ്രാർത്ഥനകൾ** എന്ന വിഷയത്തിന്റെ മൂന്നാം ഭാഗം വെള്ളിയാഴ്ച ഖുത്തുബയായി നിർവ്വഹിക്കുകയുണ്ടായി.

അല്ലാഹു (ത) വിന്റെ കാരുണ്യത്താൽ, ദുആകളെ സംബന്ധിച്ച് ചെയ്തുവരുന്ന ഖുത്തുബ പരമ്പര തുടരുവാൻ ഇന്നും എനിയ്ക്ക് അവസരം ലഭിച്ചിരിയ്ക്കുന്നു. ലോകമെങ്ങുമുള്ള ജമാഅത്തസ്സഹീഹിൽ ഇസ്ലാം അംഗങ്ങൾക്ക് ഈ അറിവുകൾ ഉപയോഗപ്രദമാകട്ടെ. അല്ലാഹു (ത) അവന്റെ അനുഗ്രഹങ്ങൾ കൂടുതൽ കൂടുതലായി എന്റെ മേൽ വർഷിക്കുമാറാകട്ടെ ! കൂടുതലായി ദുആകൾ അവതരിപ്പിച്ചു തരട്ടെ. ലോകമെങ്ങുമുള്ള എന്റെ അനുചരന്മാർക്ക് അവരുടെ നിത്യജീവിതത്തിൽ പ്രയോജനം ചെയ്യുന്ന ആത്മീയ രത്നഖനികൾ വിതരണം ചെയ്യുവാൻ എനിയ്ക്കു കഴിയട്ടെ ! ഇൻശാ അല്ലാഹ്.

2000–ാം ആണ്ടിൽ, ദൈവീക പ്രതിഭാസം ആരംഭിച്ച കാലം തൊട്ട് നിരവധി ദുആകൾ അല്ലാഹു (ത) എനിക്ക് പഠിപ്പിച്ചു തരികയുണ്ടായി. കടുത്ത പരീക്ഷണങ്ങൾ ഈ വിനീത ദൈവീകദാസനു നേരിടേണ്ടി വന്നു. എന്റെ ആത്മാർത്ഥ ശിഷ്യർക്കൊപ്പം ഇപ്പോഴും ഇത്തരം പരീക്ഷണങ്ങളെ നേരിടേണ്ടി വരുന്നു. അല്ലാഹു (ത) അവതരിപ്പിച്ച ഈ ദുആകൾ എനിക്ക് ഈ പരീക്ഷണങ്ങൾക്കു നടുവിൽ വലിയ ആശ്വാസവും സാന്ത്വനവും ഏകി. ദിവ്യകാരണ്യത്താൽ, ദൈവം തമ്പുരാൻ നമ്മോടൊപ്പമുണ്ട്. ആത്മാർത്ഥ വിശ്വാസികളുടെ ശക്തമായ ആയു

ധവും വളരെ ഫലപ്രദവും പ്രാവർത്തികമാക്കാൻ കഴിയുന്നതുമായ ദുആകളാണ് അല്ലാഹു (ത) നമ്മെ പഠിപ്പിച്ചിരിയ്ക്കുന്നത്.

നമ്മുടെ ഏറ്റവും വലിയ ആയുധം ദുആയാണ്. ഇന്ന്, അല്ലാഹുവിന്റെ കാരുണ്യത്താൽ, ചില ദുആകൾ നിങ്ങൾക്ക് മുന്നിൽ വയ്ക്കുകയാണ്. അല്ലാഹു(ത) അവതരിപ്പിച്ച ഈ ദുആകൾ എന്റെ ശിഷ്യന്മാർക്കും അതുപോലെ മറ്റെല്ലാ മുസ്ലിം സഹോദരീ സഹോദരന്മാർക്കും ഒരുപാട് പ്രയോജനപ്പെടും. നിങ്ങളോട് പങ്കുവെയ്ക്കാൻ എനിക്ക് ബാദ്ധ്യതയുള്ള ആത്മീയ നിധികളാണ് ഇവ. നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ഞാൻ അങ്ങനെ കരുതുന്നു. നമ്മളിൽ ഓരോരുത്തർക്കും സമാധാനവും ശാന്തിയും മോക്ഷവും കൊണ്ടുവരാൻ കഴിവുള്ളവയാണ് ഈ ദുആകൾ. ആ പ്രാർത്ഥനകൾ ഇങ്ങനെ!

റബ്ബനാ ലാ തജ്അൽനാഫി ദുൽമതൽ ലിൽ ഖൗമിൽ ജീഹിലീൻ ഞങ്ങളുടെ നാഥാ, ഭൗതികാണ്ഢതയിൽ കഴിയുന്നൊരു ജനതയ്ക്ക ഞങ്ങളെ നീ ഇരകളാക്കരുതേ ! ജനഹൃദയങ്ങളെ നമുക്ക് നേരെ തിരിച്ചുവിടേണമെ ഈ പ്രാർത്ഥന (നമ്മുടെ) പുരോഗതിയ്ക്കു വേണ്ടിയുള്ള ഒരു ശുഭ വാർത്തയാണ്. ജനങ്ങളുടെ ഹൃദയങ്ങളെ ഈ വിനിതദാസന് നേരെ അല്ലാഹുത) തിരിച്ചുവിട്ടിരിയ്ക്കുന്നു ഇക്കാലത്ത് എന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് ജമാഅത്ത് വെബ്സൈറ്റ്. എത്രയെത്ര രാജ്യങ്ങൾ, എത്ര ജനതകൾ, (സമുദായങ്ങൾ) ഈ വിനീത ദൈവീക ദാസന്റെ വരവിനേയു ജമാഅത്ത്സ്സഹീഹിൽ ഇസ്ലാമിനേയും കുറിച്ച് അറിഞ്ഞിരിയ്ക്കുന്നു. എല്ലാ സ്തുതിയും സർവ്വലോക പരിപാലകനായ അല്ലാഹുവിനാകുന്നു.

2001 ലാണ് എന്നെ ജമാഅത്ത് വ്യവസ്ഥിതിയിൽ നിന്ന് പുറത്താക്കിയത്. ദൈവീക വെളിപാടുകൾ ലഭിയ്ക്കുന്നുവെന്നതും അല്ലാഹുവിന്റെ സിഫത്തുകൾ (ഗുണനാമങ്ങൾ) എനിക്ക് പഠിപ്പിക്കപ്പെട്ടതും ആയിരുന്നു സാഹചര്യം. അക്കാലത്തെ ഒരു അമീറിന്റെ അസൂയയും വെറുപ്പും നിറഞ്ഞ വ്യാജ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ പുറത്താക്കൽ. ഞാൻ തീർച്ചയായും ഭാഗ്യവനാണ്, അല്ലാഹു (ത) ആ സമയത്ത്, എന്നെ ആശ്വസിപ്പിയ്ക്കാനാണ് ദുആകൾ അവതരിപ്പിച്ച് തന്നത് ; ഈ പ്രാർത്ഥനകളുടെ അനന്തരഫലങ്ങൾ എന്തൊക്കെയെന്ന്

നോക്കി കാണുക. അല്ലാഹുവിന്റെ ഈ വീനിത ദാസനെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള ഒരുപാട് പേർ അംഗീകരിച്ചിരിയ്ക്കുന്നു. അല്ലാഹു (ത) ജനഹൃദയങ്ങളെ എന്നിലേക്ക് തിരിച്ചുവിട്ടിരിയ്ക്കുന്നു. ഇക്കാലത്തെ ഖലീഫത്തുല്ലായെന്ന നിലയിൽ അല്ലാഹുവിന്റെ ഒരു ജമാഅത്തും എന്നോടൊപ്പമുണ്ട്. അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ

അല്ലാഹുവിന്റെ കാരുണ്യത്താൽ, ഈ നാടുകൾക്കൊക്കെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനെ സ്വീകരിയ്ക്കുവാനുള്ള മഹത്തായ അനുഗ്രഹം ലഭിച്ചിരിയ്ക്കുന്നു. അല്ലാഹുവിന്റെ ഈ വിനീത ദാസനേയും ഇവർ സ്വീകരിച്ചിരിയ്ക്കുന്നു. അതുകൂടാതെ, അല്ലാഹുവിന്റെ കാരുണ്യത്താൽ, അവന്റെ ജമാഅത്തായ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ഈ രാജ്യങ്ങളിലെല്ലാം ഔദ്യോഗികമായി രജിസ്ററർ ചെയ്താണ്, നിയമവിധേനെയാണ് പ്രവർത്തിയ്ക്കുന്നത്. നിയമവിരുദ്ധ സംഘടനയല്ല അൽഹംദുലില്ലാഹ് അതുകൂടാതെ, അല്ലാഹുവിന്റെ കാരുണ്യത്താൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങൾ, യഥാർത്ഥ ഇസ്ലാമിക സന്ദേശം വിവിധ രാജ്യങ്ങളിൽ പ്രചരിപ്പിയ്ക്കുന്നുണ്ട്. വ്യത്യസ്ത തരത്തിലുള്ള പീഡനങ്ങളും പ്രയാസമേറിയ പരീക്ഷണങ്ങളും പലർക്കും നേരിടേണ്ടി വരുന്നു. എന്നിട്ടും അവർ നിരാശരാകതെയും പിന്തിരിഞ്ഞു പോകാതെയും തങ്ങളുടെ ബൈഅത്തിൽ ഉറച്ചു നിൽക്കുകയും ചെയ്യുന്നു. ഈ വീനിത ദൈവീകദാസനിൽ ബൈഅത്ത് ചെയ്ത എന്റെ പ്രീയ ശിഷ്യർക്ക് മുന്നിൽ

## താഴെപ്പറയുന്ന ദുആകൾ വയ്ക്കട്ടെ

എന്റെ നാഥാ ! എന്നെ പരിഹസിയ്ക്കുന്ന ജനത്തിൽ നിന്ന് എന്നെ സംരക്ഷിക്കേണമേ !

2001-ൽ മൗറിഷ്യസിലെ അഹ്മദിയ്യാ പള്ളികളിൽ അന്നത്തെ അമീറും മുല്ലാക്കളും ചേർന്ന് എനിക്ക് എതിരിൽ, അതിനീചമായ നിലയിൽ ഏഷണിപരത്തുകയുണ്ടായി. ആ സമയത്ത് എനിയ്ക്കു ലഭിച്ചു കൊണ്ടിരുന്ന ദൈവീക വെളിപാടുകൾ അവർ പരിഹസിച്ചുതള്ളി. സാമൂഹിക ബഹിഷ്കരണം ഏർപ്പെടുത്തി. സലാം ചൊല്ലുന്നതു പോലും വിലക്കി. ചടങ്ങുകളിലേക്ക് എന്നെ ക്ഷണിയ്ക്കുന്നതിൽ നിന്ന് ജനങ്ങളെ അവർ തടഞ്ഞു. എന്നെ വിശ്വസിച്ചതിന്റെ പേരിൽ കുടുംബ

ചടങ്ങുകളിൽ നിന്ന് എന്റെ അനുചരന്മാരെ അവർ വിലക്കി. അവരുടെ വിലക്കുകൾ കാര്യമാക്കാഞ്ഞവരെ മററു പ്രകാരത്തിൽ അവർ വേട്ടയാടി അവർക്കെതിൽ പുറത്താക്കൽ ഭീഷണി അവർ എടുത്തുകാട്ടി. ഇപ്പോഴത്തെ അമീറിന്റെയും ഭരണസമിതിയുടേയും കീഴിലും ഇതേ നടപടികൾ തുടരുകയാണ്.

ആസമയത്ത്, 2001 –ൽ അല്ലാഹു (ത) ഇറക്കിയ ദുആ ഇപ്രകാരം ആയിരുന്നു.

റബ്ബി അരിനീ ആയത്തമ്മിനസ്സമാഅ്

എന്റെ നാഥാ ! ആകാശത്തു നിന്നൊരു അടയാളം നീ എനിക്കായ് കാട്ടിത്തരേണമേ !

അതായത്, കാണിയ്ക്കപ്പെടുന്ന അടയാളങ്ങൾക്കൊപ്പം, അവന്റെ തെരഞ്ഞെടുത്ത ദാസന് അല്ലാഹു ഔന്നത്യം നല്കും, അതോടൊപ്പം ഒരുപാട് പ്രതിഫലങ്ങളും. അതിനുശേഷം, അല്ലാഹു മറ്റൊരു ദുആ എനിക്ക് വെളിപ്പെടുത്തി.

**അറിനീ സൽസലാത്തസാഅത്ത്**

വാഗ്ദത്തം ചെയ്യപ്പെട്ട ആ മഹത്തായ സംഭവം എനിക്ക് കാട്ടിത്തരേണമേ !

മറ്റൊരു തർജിമ ഇപ്രകാരമാണ്

ഈ (വരാനിരിക്കുന്ന) മഹത്തായ സംഭവത്തിന്റെ ഒരു ദർശനം കാട്ടിത്തരേണമേ !

അവന്റെ അപാരമായ കാരുണ്യത്താൽ, അല്ലാഹു ഒരിയ്ക്കലും ഈ വിനീത ദാസനെ ഉപേക്ഷിച്ചില്ല. സാധാരണ അഹ്മദികൾക്കിടയിൽ എനിയെക്കതിരെ വെറുപ്പും വിദ്വേഷവും ഉദ്ദീപിക്കണം എന്ന ഉദ്ദേശത്തോടെ മൗറിഷ്യസിലെ അഹ്മദിയ്യാ ജമാഅത്തിന്റ നേതാക്കന്മാർ നടത്തിയ പ്രചാരണങ്ങൾക്കിടയിലും അല്ലാഹു വിന്റെ സഹായം ഈ വീനിതനു ലഭിച്ചു. എനിയ്ക്കു ലഭിച്ച വെളിപാടുകളെ അവർ വ്യാജമാക്കി. ഈ ദിവ്യവെളിപാടുകളെ അവർ ചെകുത്താന്റെ വെളിപാടുകൾ എന്നു വരെ വിശേഷിപ്പിക്കാൻ മുതിർന്നു. (ദൈവം പൊറുക്കട്ടെ) അവരുടെ ഈ അധാർമ്മിക നടപടികൾ എന്നെ ഏറെ ദുഃഖിതനാക്കി. ഒരുപാടു

ദുആകൾ ക്കൊടുവിൽ, അല്ലാഹു വീണ്ടും എനിക്കു വെളിപ്പെടുത്തി. (അല്ലാഹുവിനോടു ഞാൻ ചെയ്യേണ്ട ദുആകൾ അല്ലാഹു തന്നെ എനിക്ക് വെളിപ്പെടുത്തി.

റബ്ബി ഫർരിഖ് ബയ്ന സ്വാദിഖീൻ വ ഖാദീബീൻ അൻത തറാ ഖുല്ല മുസ്ലിഹീൻ വ സ്വാദീഖീൻ

എന്റെ നാഥാ ! സത്യവും വ്യാജവും തമ്മിൽ വേർതിരിക്കേണമേ ! സത്യവാനേയും വ്യാജനേയും അറിയുന്നവൻ നീ തന്നെ

ഈ വെളിപാട് തങ്ങളെ സ്വയം സത്യവാന്മാർ എന്ന് കരുതി അഹങ്കരിച്ചവർക്കുള്ള മറുപടിയാണ്. ഈ ദുആ പഠിപ്പിച്ചതിലൂടെ, അല്ലാഹു (ത) നമുക്ക് കാര്യങ്ങൾ വ്യക്തമാക്കി തരികയാണ്. സത്യവാൻമാരെയും വ്യാജന്മാരേയും തമ്മിൽ വേർതിരിയ്ക്കുന്നത് അല്ലാഹുവാണ് എന്നതും വ്യക്തമാക്കപ്പെട്ടിരിയ്ക്കുന്നു. എന്നെ പരിഹസിക്കാനും വ്യാജവാദി ആക്കാനും വേണ്ടി അവർ പ്രഘോഷിച്ച് കൊണ്ടിരുന്ന എല്ലാ സംസാരങ്ങൾക്കും നടുവിലാണ് അല്ലാഹു ഈ ദുആ എനിക്ക് അവതരിപ്പിച്ച് തന്നത്. അതിനു ശേഷം, അല്ലാഹു(ത) മറ്റൊരു ദുആ എന്റെ ചുണ്ടിലെത്തിച്ചു, പല പ്രാവശ്യം ചൊല്ലിക്കുകയുണ്ടായി

റബ്ബി ലാ തുബ്ഖീനി മിൻ നസിയദിക്റ

എന്റെ നാഥാ ! നിന്നെ വിസ്മരിക്കുന്നയാതൊന്നും നീ എന്നിൽ അവശേഷിപ്പിക്കരുതെ !

ഈ ദുആയിലൂടെ അല്ലാഹു(ത) എനിക്കുറപ്പു നല്കിയിരിക്കുകയാണ്. എനിക്കപമാനം ഉണ്ടാക്കുന്ന എല്ലാ കാര്യങ്ങളും അവൻ തടയുന്നതാണെന്ന് (അപമാനത്തിന്റെ ഉറവിടം തന്നെ അവൻ നശിപ്പിക്കുന്നതാണ്) ആയതിനാൽ ഒരു ദൂതന്റെ ആഗമനം, ഒരു ലൈലത്തുൽ വദ്ർ ആകുന്നു. അവിടെ ദൈവീക ദൃഷ്ടാന്തം പ്രകടമാകുന്നു. അവിടെ സ്വർഗ്ഗീയ പ്രകാശം പ്രത്യക്ഷമാകുന്നു. സത്യാന്വേഷകരുടെ ഹൃദയങ്ങളെ അത് പ്രകാശിപ്പിക്കുന്നു. അതേ സമയം കപടവിശ്വാസികളുടെ യഥാർത്ഥ മുഖം നിങ്ങൾ കാണുകയും ചെയ്യും. അവരുടെ ശത്രുതയും അസൂയവും പ്രകടമായി തെളിയുന്നതാണ്. ദൈവീക ദൃഷ്ടാന്തത്തിന് നേരെ പിൻതിരിഞ്ഞു നില്ക്കുമ്പോൾ, അല്ലാഹുവിന്റെ പ്രകാശത്തെ അണച്ചുകളയുവാനുള്ള മോശമായ പദ്ധതികൾ അവർ തയ്യാറാക്കുന്നു.

എന്നാൽ സത്യത്തിൽ, അല്ലാഹുവിന്റെ പ്രകാശത്തെ അവർക്ക് ഒരിക്കലും ഇല്ലായ്മ ചെയ്യുവാൻ സാധിക്കുകയില്ല. അവരുടെ ശ്വാസങ്ങൾ നിലയ്ക്കുന്നതാണ്. അവരുടെ ജീവിതം അവസാനിക്കുന്നതാണ്, എന്നാൽ അല്ലാഹു(ത) അവന്റെ പ്രകാശം സമ്പൂർണ്ണമാക്കുന്ന പ്രക്രീയ തുടർന്നു കൊണ്ടിരിക്കുന്നതാണ്.

ഇവിടെ കപടവിശ്വാസികളും സത്യനിഷേധികളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. കപടവിശ്വാസികളെയും സത്യനിഷേധികളെയും ഒരേ പാതയിൽ തന്നെ കാണാവുന്നതാണ്. അല്ലാഹുവിന്റെ ഒരു ദൂതന്റെ ആഗമനത്തോടു കൂടിയെ കപടവിശ്വാസികളുടെയും സത്യനിഷേധികളുടെയും യഥാർത്ഥ മുഖം നമുക്ക് കാണുവാൻ കഴിയുകയുള്ളു. അല്ലാഹുവിന്റെ ദാസന്മാർക്കെതിരിൽ അവരുടെ ശത്രുത ഛർദ്ദിക്കുവാൻ തുടങ്ങുമ്പോൾ കുറ്റകരമായ പദ്ധതികൾ ആസ്ത്രൂണം ചെയ്യുമ്പോൾ, അപ്പോൾ അല്ലാഹുവിന്റെ സഹായം നിങ്ങൾക്ക് വന്നെത്തുന്നതാണ്. ഈ ആളുകളെ അല്ലാഹു(ത) നാശത്തിലേക്ക് നയിക്കുന്നതാണ്. കുറെശ്ശെയായി അല്പാലപമായി. അതു സംഭവിക്കുന്നു എന്ന് അവരറിയാത്ത നിലയിലായിരിക്കും. ആ നാശം അവരുടെ ധനത്തിലൂടെയും, സന്താനങ്ങളിലൂടെയും, ഭാര്യമാരിലൂടെയും മറ്റു പലതിലൂടെയും ആയിരിക്കും.

ഇന്ന് ഇത് ഇവിടെ നിർത്തുന്നു. അടുത്ത ആഴ്ച അല്ലാഹു (ത) തൗഫീഖ് ചെയ്താൽ ഇതേ വിഷയം തുടരുന്നതാണ്. ആമീൻ

**Translated by:**
Fazil Jamal & Jamaludin Raother
**Issued by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2252663**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**